മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേയുടെ ഭരണാനുമതി

322 (1379) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേയുടെ ഭരണാനുമതിക്കുള്ള ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഇതിന്റെ പൊതുമരാമത്ത് വകുപ്പിലെ ഫയൽ നമ്പർ നൽകാമോ;

(ബി) പ്രസ്തുത ഹൈവേയുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് ജോലികൾ സർക്കാരിന്റെ മിഷൻ 676-ൽ ഉൾപ്പെടുത്തി ത്വരിതഗതിയിൽ നടപ്പിലാക്കാമോ?

ഉത്തരം

(എ) മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേയുടെ ഭരണാനുമതിക്കുള്ള ഫയൽ (23276/എച്ച്1/13/പൊ.മ.വ.) സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പരിഗണനയിലില്ല.

റോഡ് യൂസർ പെർസപ്ഷൻ സർവ്വേ

323 (1380) ശ്രീ. ആർ. സെൽവരാജ് :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്താൻ കെ.എസ്.റ്റി.പി. ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ജനഹിതമറിയാനുള്ള എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സർവ്വേയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ആകെ 363 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകളുടെ നിലവിലുള്ള അവസ്ഥയെ (വികസിപ്പിക്കുന്നതിന് മുമ്പുള്ള) പറ്റി ജനങ്ങളുടെ അഭിപ്രായം സമാഹരിക്കുന്നതിന് വേണ്ടി M/s ഷെർവുഡ് ടെക്നോക്രാറ്റ്സ് & കൺസൾട്ടന്റിനെ നിയമിച്ച് റോഡ് യൂസർ പെർസപ്ഷൻ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. എല്ലാ വിഭാഗത്തിലുമുള്ള റോഡ് ഉപയോക്താക്കളെ വിവിധ സംഘങ്ങളായി തിരിച്ച് പ്രത്യേകം ചോദ്യാവലി തയ്യാറാക്കിയാണ് അഭിപ്രായ ശേഖരണം നടത്തിയത്. പ്രസ്തുത ചോദ്യാലിയിൽ റോഡ് ഉപയോക്താക്കളുടെ സാമൂഹികവും സാമ്പത്തികവും പ്രാദേശികവുമായിട്ടുള്ള ഘടകങ്ങളും നിലവിലുള്ള പ്രോജക്ട് റോഡുകളെപ്പറ്റിയുള്ള അഭിപ്രായങ്ങളും റോഡിന്റെ ഘടന, നിർമ്മാണം, സുരക്ഷിതത്വം എന്നിവയും ഉപയോക്താക്കളുടെ റോഡ് ഉപയോഗ രീതികളും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. റോഡുപണി പൂർത്തീകരിച്ചശേഷം നടത്തുന്ന റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ സർവ്വേയുടെ കണ്ടെത്തലുകളുമായി താരതമ്യം ചെയ്യുന്നതിനുവേണ്ടിയും ഭാവിയിൽ മറ്റു പൊതുമരാമത്ത് റോഡുകളിലേക്കും കൂടി റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ ഇൻഡക്സ് വികസിപ്പിച്ചെടുക്കുന്നതിനുമാണ് ഈ സർവ്വേ ലക്ഷ്യമിടുന്നത്.

(ഡി) Baseline Road User Perspective Survey നടത്തുന്നതിലേക്കായി 27-8-2013-ൽ M/s Sherwood Technocrats & Consultants Pvt. Ltd എന്ന കൺസൾട്ടന്റിനെ നിയോഗിച്ചു. അന്തിമ റിപ്പോർട്ട് 2014 ജൂലായ് മാസത്തിൽ സമർപ്പിച്ചിട്ടുണ്ട്.

ടാർ വാങ്ങിയ വകയിൽ കമ്പനികൾക്ക് നൽകേണ്ട തുക

324 (1381) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുപണികൾക്ക് ഏതെല്ലാം കമ്പനികളിൽ നിന്നാണ് ടാർ വാങ്ങുന്നത്;

(ബി) ടാർ വാങ്ങിയ വകയിൽ കമ്പനികൾക്ക് കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ എന്ത് തുക കുടിശ്ശികയുണ്ട്;

(സി) ടാർ നൽകുന്ന കമ്പനികൾക്ക് കുടിശ്ശിക നൽകാനുള്ളത് ടാറിന്റെ ലഭ്യതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ഇതുമൂലം റോഡ് പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായിട്ടുണ്ടോ?